FRIDAY

03.11.2023

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/11/202

1. കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടാൻ താല്പര്യമുള്ള കർഷകർ നവംബർ 10നകം അതാത് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിക്കൂട്ടങ്ങളിൽ അംഗങ്ങൾ ആയിട്ടുള്ള കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും അപേക്ഷ നൽകാവുന്നതാണ്.

2. കേരളത്തിന്റെ മഹാ ഉത്സവമായി തിരുവനന്തപുരത്ത് നവംബർ 1 മുതൽ 7 വരെ കേരളീയം നടന്നു വരികയാണ്. കേരളീയം ട്രേഡ് ഫെയർ എട്ടു വേദികളിലായി നാനൂറിലേറെ സ്റ്റാളുകൾ. പ്രദർശന വിപണനം രാവിലെ 10 മുതൽ വൈകിട്ട് 10 മണി വരെ കേരളീയത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. കേരളീയത്തോട് അനുബന്ധിച്ച് കൃഷിവകുപ്പിന്റെ ട്രേഡ് ഫെയർ LMS COMPOUND ലാണ് ഒരുക്കുന്നത്. ജൈവ സർട്ടിഫിക്കേഷനുള്ള ഉൽപന്നങ്ങൾ, ഭൗമസൂചിക ലഭിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ സർക്കാരിന്റെ സ്വന്തം keralagro ബ്രാൻഡിൽ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ തുടങ്ങിയവയും കേരള കാർഷിക സർവകലാശാലയുടെയും ഫാമുകളിലേയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയും ട്രേഡ് ഫെയറിൽ ഉണ്ടായിരിക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ നാനോ സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ചു വിവരം വെബ്സൈറ്റിൽ ലഭ്യമാണ് നിർദിഷ്ട യോഗ്യത ഉള്ളവർക്ക് 06.11.2023 രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ മൂന്ന് ആഴ്ച പ്രായമുള്ള കാടകോഴി കുഞ്ഞുങ്ങൾ വിൽപനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

പരിശീലന പരിപാടി

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 തീയതിളിലായി മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ രാവിലെ 10 മണി മുതൽ 5 മണി വരെ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

6. കേരള കാർഷിക സർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴയിൽ നബാർഡ് ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി പരിശീലന പരിപാടി സൗജന്യമായി 2023 നവംബർ 15 നും ഡിസംബർ 15 നും ഇടയിൽ നടത്തപ്പെടുന്നു. കൂൺ കൃഷി എന്നവിഷയത്തിൽ രണ്ടുദിവസത്തെയും, കൂൺ വിത്ല്പാദനം എന്നവിഷയത്തിൽ മൂന്നുദിവസത്തെയും പരിശീലനം നടത്തുന്നു. കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി 0477 2702245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: rrsmancompu@kau.in

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിഥിതിചെയ്യുന്ന കേരളസർക്കാർ സ്ഥാപനമായ ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ 8 മുതൽ 10 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറിമാർക്ക് പരിശീലനപരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ് താത്പര്യമുള്ളവർ 6 -11 -2023 വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം നവംബർ 06 -ന് കോട്ടയത്തുള്ള നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പറിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം